"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.EWB3/122/2026-LSGD

തദ്ദേശ സ്വയംഭരണ (ഇഡബ്ല്യുബി) വകുപ്പ്

തിരുവനന്തപുരം,

തീയതി: 12-06-2026

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് സംസ്ഥാനത്തെ വിദ്യാലയങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നത്- സംബന്ധിച്ച്

**********************

2026-2027 അധ്യയന വർഷം സംസ്ഥാനത്തെ വിദ്യാലയങ്ങൾക്ക് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിരിക്കും പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. 21.10.2024 -ലെ സ.ഉ.(സാധാ) നം.2002/2024/LSGD ഉത്തരവ് പ്രകാരം സഞ്ജയ ഡേറ്റാ ബേസിൽ ഉൾപ്പെടുത്തുന്നതിനായി എല്ലാ നടപടി ക്രമങ്ങളും പാലിച്ച് തദ്ദേശ സ്ഥാപനത്തിൽ അപേക്ഷ സമർപ്പിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്ന സ്കൂളുകൾക്ക് ഈ അധ്യയന വർഷം കൂടി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിൽ അസിസ്റ്റന്റ് എഞ്ചിനീയർമാർ ഇളവനുവദിക്കേണ്ടതും, KSMART-ൽ ഡേറ്റ പ്യൂരിഫിക്കേഷൻ പൂർത്തീകരിക്കുന്നതിനും വസ്തുവിന്റെ വിസ്തീർണ്ണം ഉൾപ്പെടെയുള്ള രേഖകൾ ഉൾപ്പെടുത്തുന്നതിനുമുള്ള നടപടി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിമാർ സ്വീകരിക്കേണ്ടതുമാണ്.

2.സ്കൂളുകളിൽ ഉപയോഗപ്രദമല്ലാത്തതും പൊളിച്ചു മാറ്റേണ്ടതുമായ കെട്ടിടങ്ങൾ, മതിലുകൾ എന്നിവ യുദ്ധകാല അടിസ്ഥാനത്തിൽ പൊളിച്ചു മാറ്റുന്നതിനും, അപകടാവസ്ഥയിൽ ആയ മരങ്ങൾ മുറിച്ചു മാറ്റുന്നതിനും, D M ആക്ട് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിമാരും, ജില്ലാ കളക്ടർമാരും നടപടി സ്വീകരിക്കേണ്ടതാണ്.

3. ഈ അധ്യയന വർഷം ഫിറ്റ്നസ് നൽകുന്നതുമായി ബന്ധപ്പെട്ട്24.05.2025-ലെ EWB3/70/2025-LSGD, 09.11.2025-ലെ M3/347/2019-HEALTH,

13.05.2026-ലെ GEDN-M1/188/2025-G.EDN, 26.05.2026-ലെ LSGD/2037/2026-EW3 നമ്പർ സർക്കുലർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതുമാണ്.

DIPUKUMAR S L
അണ്ടർ സെക്രട്ടറി

പകർപ്പ്

പൊതുവിദ്യാഭ്യാസ വകുപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

(എല്ലാ തദ്ദേശ സ്വയംഭരണ സ്ഥപനങ്ങൾക്കും ലഭ്യമാക്കേണ്ടതാണ്)

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

പൊതുവിദ്യാഭ്യാസ ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം

വെബ്& ന്യൂ മീഡിയ, ഐ& പി.ആർ.ഡി.

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Keerthi J P
സെക്ഷൻ ഓഫീസർ.
Date: 12-06-2026 09:40:21